(എ) സംസ്ഥാനത്ത് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എന്ന് രൂപീകരിക്കാനാവും എന്നറിയിക്കുമോ; അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മേഖലാടിസ്ഥാനത്തിൽ ആണോ ട്രൈബ്യൂണൽ രൂപീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ട്രൈബ്യൂണൽ രൂപീകരണത്തോടെ ഇപ്പോൾ ഹൈക്കോടതിയിൽ നിലവിലുള്ള സർവ്വീസ് സംബന്ധമായ കേസ്സുകൾ ട്രൈബ്യൂണലിന് വിടുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) ഇതു സംബന്ധിച്ച അന്തിമ തീരുമാനം എടുത്തിട്ടില്ല.

ക്രമസമാധാനനില ഭദ്രമാക്കാൻ പുതിയ നടപടികൾ

2 (1463) ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ക്രമസമാധാനനില ഭദ്രമാക്കുവാൻ പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പൊതുജനങ്ങളുടെ സൈരജീവിതം ഉറപ്പുവരുത്തുവാൻ 'റാപ്സ്' എന്ന പേരിൽ പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതുമൂലം പട്ടണങ്ങളിലെ അക്രമപ്രവർത്തനങ്ങൾ അമർച്ചചെയ്യുവാൻ സാധിച്ചിട്ടുണ്ടോ;

(ഇ) ഇത് എല്ലാ പട്ടണങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) മുൻസിപ്പാലിറ്റി പ്രദേശത്തെ ക്രമസമാധാന പാലനത്തിനായി മുനിസിപ്പൽ ഏരിയ പട്രോളിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഒരു പരിധിവരെ അക്രമപ്രവർത്തനങ്ങൾ അമർച്ച ചെയ്യാൻ സാധിച്ചിട്ടുണ്ട്.

(ഇ) സേനയുടെ അംഗബലം കൂടുന്നതനുസരിച്ചും വാഹനങ്ങളുടെ ലഭ്യതയനുസരിച്ചും പരിഗണിക്കുന്നതാണ്.

തീരദേശ മാനേജ്മെന്റ് പദ്ധതി

3 (1464) ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിലെ ദോഷകരമായ ചില വ്യവസ്ഥകൾ മൂലം സംസ്ഥാനത്ത് തീരദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ തകരാറിലാകുകയും ഇത് ടൂറിസം ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്തിരിക്കുന്നതായ സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമം സംബന്ധിച്ച ആക്ഷേപങ്ങളെപ്പറ്റി പരിശോധിക്കുന്നതിന് സംസ്ഥാനത്ത് പര്യടനം നടത്തിയ കേന്ദ്ര പരിസ്ഥിതി വകുപ്പ് സംഘത്തിൽ നിന്ന് ഇളവുകൾ നേടി എടുക്കുന്നതിന് എന്തൊക്കെ കാര്യങ്ങൾ സംസ്ഥാന സർക്കാർ ചെയ്തു എന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ തീരദേശ മാനേജ്മെന്റ് പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സംഘത്തെ സംസ്ഥാനത്തെ ഉൾനാടൻ ജലാശയ പ്രദേശങ്ങളിലും തീരദേശ മേഖലയിലും തീരദേശ നിയമംമൂലം തീരദേശ വാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് നേരിട്ട് ബോധ്യപ്പെടുത്തുകയുണ്ടായി. സംസ്ഥാനത്ത് പര്യടനം നടത്തിയ കേന്ദ്ര സംഘത്തോട് കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് തീരദേശ നിയമത്തിൽ സമൂലമാറ്റം വേണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഇതിന്റെ തുടർച്ചയായി തീരദേശ നിയമം ഉടച്ചുവാർക്കണമെന്നും അതിന്റെ തീരുമാനം വരുന്നതുവരെ ബീച്ചിന്റെ വശങ്ങളിൽ വികസന നിരോധിതമേഖല 200 മീറ്ററിൽ നിന്നും 50 മീറ്ററായും ഉൾനാടൻ ജലാശയങ്ങളുടെ വശങ്ങളിൽ വികസന നിരോധിക മേഖല 100 മീറ്ററിൽ നിന്നും 25 മീറ്ററായും കുറയ്ക്കണമെന്നും 2000 ഫെബ്രുവരി 7-ന് കേന്ദ്ര വനം പരിസ്ഥിതി വകുപ്പുമന്ത്രിയോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) താഴെ പറയുന്ന ചില പ്രധാന വ്യവസ്ഥകൾക്ക് വിധേയമായി കേരളത്തിന്റെ തീരദേശ മാനേജ്മെന്റ് പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

1. വേലിയേറ്റ, ഇറക്ക പ്രഭാവമുള്ള ഉൾനാടൻ ജലാശയങ്ങളുടെ വശങ്ങളിൽ തീരദേശ നിയന്ത്രണ മേഖല 100 മീറ്റർ ആക്കുക (ഇത് അമ്പത് മീറ്റർ ആക്കണമെന്നായിരുന്നു സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നത്).

2. 1000 ചതുരശ്രമീറ്ററോ അതിൽ കൂടുതലോ വിസ്തൃതിയുള്ള കണ്ടൽക്കാടുകൾ സി.ആർ.ഇസഡ് 1 കാറ്റഗറിയിൽ ഉൾപ്പെടുത്തി അതിനു ചുറ്റും 50 മീറ്റർ സഫർസോൺ ആക്കി നിലനിർത്തണം.

3. കേരളം കേന്ദ്ര സർക്കാരിന് സമർപ്പിച്ച തീരദേശ മാനേജ്മെന്റ് പ്ലാനിൽ തീരദേശ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും സി.ആർ.ഇസഡ്. 2 കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് സമർപ്പിച്ചിരുന്നത്. കേന്ദ്ര സർക്കാർ ഈ നിർദ്ദേശം പൂർണ്ണമായി അംഗീകരിച്ചില്ല. സംസ്ഥാന സർക്കാർ സമർപ്പിച്ച തീരദേശ മാനേജ്മെന്റ് പ്ലാനിൽ കാറ്റഗറി-2 ൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിലെ അവികസിത മേഖല രേഖപ്പെടുത്തി അവയെ സി.ആർ.ഇസഡ്-3

LIBRARY ARCHIVES Kerala Legislative Assembly

കാറ്റഗറിയിൽ ഉൾപ്പെടാത്തതാണെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിർദ്ദേശത്തിനനുസരിച്ച് തീരദേശ മാനേജ്മെന്റ് പ്ലാനിൽ മാറ്റം വരുത്താൻ സംസ്ഥാന ശാസ്ത്രസാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനമായ ഭൗമശാസ്ത്രപഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പുതിയ ക്രിമിനൽ/സിവിൽ കോടതികൾ

4 (1465)ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ ക്രിമിനൽ സിവിൽ കോടതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

സംസ്ഥാനത്ത് പുതിയ കോടതികൾ ആരംഭിക്കുന്നതിന് ഹൈക്കോടതി ശുപാർശ ചെയ്ത മുൻഗണനാ ലിസ്റ്റ് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. മുൻഗണനാലിസ്റ്റിന്റെ ക്രമമനുസരിച്ചും സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ചും കോടതികൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

പെൻഷൻ പ്രായം ഉയർത്താൻ തീരുമാനം

5(1469)ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഐ.എച്ച്.ആർ.ഡി.യിലെ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്താൻ സർക്കാർ നടപടി സ്വീകരിച്ചുട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ഒരു വകുപ്പിലെ ഒരു സ്ഥാപനത്തിൽ മാത്രം ഇത്തരമൊരു തീരുമാനം നടപ്പാക്കുന്നത് ഉചിതമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി ഏതൊക്കെ സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഇ) അതിരൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുമ്പോൾ അതു പരിഹരിക്കാൻ ഫലപ്രദവും കാര്യക്ഷമവുമായ പദ്ധതിയില്ലാതെ പെൻഷൻ പ്രായം ഉയർത്താനുള്ള നീക്കം ശരിയാണെന്ന് സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല. ഉദിക്കുന്നില്ല.

(ബി)-(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly